ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി1/20271/റ്റിസി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 30-07-2013

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഡ്രൈവിഗ് സ്കൂളുകളെ സംബന്ധിച്ചും, ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ നൽകുന്നത് — സംബന്ധിച്ച്

സൂചന :- 1. 29-07-2013 തീയതിയിൽ ബഹു: ഗതാഗത വകുപ്പ് മന്ത്രിയുടെ ഓഫീസിൽ വച്ച് നടത്തിയ് യോഗത്തിൽ സ്വീകരിച്ച തീരുമാനങ്ങൾ

2. മേൽ വിഷയങ്ങളിൽ ഇതിന് മുൻപ് നൽകിയ നിർദ്ദേശങ്ങൾ

മേൽ വിഷയത്തിലേയ്ക്കും, മേൽ സൂചനകളിലേയ്ക്കും താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. 29-07-2013 തീയതിയിൽ ബഹു: ഗതാഗത വകുപ്പ് മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ സ്വീകരിച്ച തീരുമാനങ്ങൾ അനുസരിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. നിലവിൽ ഡ്രൈവിംഗ് ടെസ്റ്റിന് തീയതി ലഭിക്കുവാൻ 6 മാസങ്ങൾ വരെ കാത്തിരിക്കേണ്ട സ്ഥിതി പല ഓഫീസുകളിലും ഉണ്ടെന്ന് അറിയുന്നു. ആയതിനാൽ ലേണേഴ്സ് ലൈസൻസ് അനുവദിച്ച് 2 മാസത്തിനകം ടെസ്റ്റ് തീയതി നൽകുവാൻ കഴിയുംവിധം നിലവിൽ ടെസ്റ്റിന് ബാക്കി വന്ന ആളുകളുടെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതൊക്കെ ഓഫീസുകളിലാണ് കൂടുതൽ കാലതാമസമെന്ന് മനസ്സിലാക്കി പ്രസ്തുത ഓഫീസിൽ വേണമെങ്കിൽ അധിക ബാച്ച് നടത്തുന്നതിനും, കൂടുതൽ ഉദ്യോഗസ്ഥരെ ഇതിലേയ്ക്കായി ഉപയോഗപ്പെടുത്തുന്നതിനും ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ നടപടി കൈക്കൊള്ളേണ്ടതാണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ ഇത് ഉറപ്പുവരുത്തേണ്ടതാണ്.

2. പുതിയ ഡ്രൈവിംഗ് സ്കൂളുകൾക്ക് ലൈസൻസ് നൽകുന്നത് നിലവിലുള്ള ചട്ടങ്ങൾ കർശനമായി പാലിച്ചിട്ടായിരിക്കണമെന്ന് ഉറപ്പുവരുത്തണം. ഇക്കാര്യത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുള്ള സർക്കുലറുകൾ മാർഗ്ഗനിർദ്ദേശമായി സ്വീകരിക്കണം. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ നേരിട്ട് പരിശോധന നടത്തി ഓരോ ചട്ടവും ശരിയായ രീതിയിൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെന്ന് പിന്നീട് തെളിയുന്ന പക്ഷം ലൈസൻസ് നൽകിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കെതിരെ നടപടി എടുക്കുന്നതാണ്.

3. നിലവിലുള്ള ഡ്രൈവിംഗ് സ്കൂളുകൾ 6 മാസത്തിൽ ഒരിക്കൽ പരിശോധന നടത്തണമെന്ന് നേരത്തെയുള്ള നിർദ്ദേശം മിക്ക ജില്ലകളിലും പാലിച്ച് കാണുന്നില്ല. ആയതിനാൽ എല്ലാ ഡ്രൈവിംഗ് സ്കൂളുകളും 6 മാസത്തിൽ ഒരിക്കൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയനൽ ട്രാൻസ്പോർട്ട് ഓഫീസർമാർ പരിശോധന നടത്തേണ്ടതും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷനർമാർ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

4. പരിശോധനയിൽ ചട്ടങ്ങൾ പാലിക്കാതെയോ വിരുദ്ധമായോ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾക്കെതിരെ നിയമാനുസൃതമായ കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഡ്രൈവിംഗ് സ്കൂൾ ലൈസൻസിക്കും ഔദ്യോഗിക ഇൻസ്ട്രക്ടർക്കും ഐ.ഡി.കാർഡ് നല്കുന്നത് സെപ്റ്റംബർ 30-നകം പൂർത്തിയാക്കണം.

6. ഡ്രൈവിംഗ് സ്കൂളുകളുടെ നിലവാരം പ്രസ്തുത സ്കൂളിൽ പഠിക്കുവാൻ വരുന്ന വ്യക്തികളുടെ ഡ്രൈവിങ്ങിനേയും അതുവഴി റോഡ് സുരക്ഷയെയും ബാധിക്കാവുന്നതുകൊണ്ട് ഈ വിഷയത്തിൽ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും യാതൊരു വിട്ടുവീഴ്ചയും അനുവദിക്കരുതെന്നും സ്കൂളുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നവയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് കർശനമായി നിർദ്ദേശിക്കുന്നു. മേൽ നിർദ്ദേശങ്ങൾ എല്ലാം 2013 ഓഗസ്റ്റ് ഒന്നുമുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

31/07/2013

സീനിയർ സൂപ്രണ്ട്

സിഡി/30-07

3/07/13